## കേരള സർക്കാർ

### സംഗ്രഹം

വനിതശിശു വികസന വകുപ്പ്- 'അന്വേഷി' വിമൻസ് കൗൺസിലിംഗ് സെന്ററിന് 2025-26 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് ആദ്യ ഗഡു അനുവദിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതശിശു വികസന (ബി)വകുപ്പ്

**G.O.(Rt)3/2026/WCDD/** **Dated,04/01/2026**

---

എ.എസ് നമ്പർ : AS/WCD/25/47837 കാലാവധി : 31/03/2026

പരാമർശം:-
1. സ.ഉ.(സാധാ)നം. 417/2024/വ.ശി.വി.വ തീയതി. 04.11.2024.
2. സ.ഉ.(സാധാ)നം. 105/2025/വ.ശി.വി.വ തീയതി. 14.03.2025.
3. വനിതശിശു വികസന ഡയറക്ടറുടെ 03.09.2025, 31.10.2025, 22.12.2025-ലെ DWCD/3702/2025-WEC2 നമ്പർ കത്ത്.

### ഉത്തരവ്

സ്ത്രീ ശാക്തീകരണം, സ്ത്രീ വിമോചനം, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ചെറുക്കുക എന്നീ ലക്ഷ്യത്തോടെ ആരംഭിച്ച സ്ത്രീപക്ഷ കാഴ്ചപ്പാടോടു കൂടിയ അംഗങ്ങളുള്ള 'അന്വേഷി' വിമൻസ് കൗൺസിലിംഗ് സെന്റർ എന്ന സംഘടന കോഴിക്കോട് ജില്ലയിലേയും മറ്റ് ജില്ലകളിലെയും വിവിധ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുകയും സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്കെതിരെ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമ പ്രകാരം അന്വേഷി സർവീസ് പ്രൊവൈഡിംഗ് സെന്ററായും ടി സംഘടന പ്രവർത്തിച്ചു വരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന അന്വേഷിയിൽ കൗമാരപ്രായക്കാരായ കുട്ടികൾക്കുള്ള ക്ലാസ്സുകളും നിയമസാക്ഷരതാ ക്ലാസ്സുകളും സെമിനാറുകളും സ്ത്രീസുരക്ഷാ സംവിധാനങ്ങളെപറ്റിയുള്ള ക്ലാസുകളും കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങളിലായി റസിഡന്റ്സ് അസോസിയേഷനുകളുടെയും കോളേജുകളുടെയും സഹകരണത്തോടു കൂടി ഫലപ്രദമായി നടപ്പിലാക്കിയതായി കാണുന്നു. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും അവബോധം നൽകുന്നതിന് അങ്കണവാടികൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് നിയമ സാക്ഷരതാ ക്ലാസുകൾ നടത്തിയിട്ടുണ്ട്. 'അന്വേഷി' സ്ത്രീകളുടെ അവകാശങ്ങൾക്കായി പ്രവർത്തിച്ചു വരുന്നതും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളെ

AS/WCD/25/47837

തടയുന്നതിനായുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം പുലർത്തി വരുന്നതും കേരള വനിതാ കമ്മീഷന്റെ 'A' ഗ്രേഡ് അംഗീകാരവുമുള്ള സന്നദ്ധ സംഘടന കൂടിയാണ്.

(2) 2024-25 സാമ്പത്തിക വർഷം അന്വേഷി വുമൺസ് കൗൺസിലിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ഗ്രാന്റിനത്തിൽ അനുവദിച്ച 21,60,000/- രൂപയിൽ 17,58,000/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, 2024-25 സാമ്പത്തിക വർഷത്തെ ചെലവ് വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ, ടി സംഘടനയുടെ 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2235–02–103–64(NP) ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 30 ലക്ഷം രൂപയിൽ നിന്നും 24,90,000/-(ഇരുപത്തി നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) രൂപ അനുവദിക്കാൻ കോഴിക്കോട് ജില്ലാ വനിത ശിശു വികസന ഓഫീസർ സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് 2235–02–103–64(NP) ശീർഷകത്തിൽ നിന്നും 24,90,000/- രൂപ (ഇരുപത്തി നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'അന്വേഷി' വിമൻസ് കൗൺസിലിംഗ് സെന്ററിന് 2025-26 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് 2235–02–103–64(NP)ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 30 ലക്ഷം രൂപയിൽ നിന്നും ആദ്യ ഗഡുവായി 12,00,000/-(പന്ത്രണ്ട് ലക്ഷം രൂപ മാത്രം) രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

AS/WCD/25/47837

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235–02–103–64–00–00–0–N–V | 12,00,000 | AS/WCD/25/47837 | 2026–03–31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | അന്വേഷി' വിമൻസ് കൗൺസലിങ്ങ് സെന്ററിന് 2025 26 സാമ്പത്തിക വർഷത്തെ ഗ്രാന്റ് അനുവദിക്കുന്നത് | 12,00,000 |
| ആകെ (പന്ത്രണ്ട് ലക്ഷം രൂപ) | | **12,00,000** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

SANTHOSHKUMAR T K

AS/WCD/25/47837